**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** -1001 **10.06.2019-ലെ മറുപടി**

## കുടിവെള്ളത്തിലെ ക്ലോറിന്റെ അളവ് കറയ്ക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എം. ഉമ്മർ | മറുപടി<br>കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ ക്രമാതീതമായ തോതിൽ ക്ളോറിൻ അടങ്ങിയിരിക്കുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) പകർച്ച വ്യാധികൾ, ഇ-കോളി വ്യാപനത്തിനുള്ള മറ്റു സാഹചര്യങ്ങൾ എന്നിവ കണക്കിലെടുത്ത് അവ കൂടി തരണം ചെയ്യാനും മാനദണ്ഡങ്ങൾക്ക് അനുസൃതമായ തോതിൽ വിതരണ ശൃംഖലയുടെ അവസാനം വരെ റെസിഡ്യൂൽ ക്ളോറിന്റെ അളവ് നിലനിർത്താനുമാവശ്യമായ വിധത്തിലാണ് ക്ളോറിനേഷൻ ചെയ്യുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ ശുദ്ധീകരണശാലയോടു ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ റെസിഡ്യൂൽ ക്ളോറിന്റെ അളവ് നേരിയ തോതിൽ കൂടുതലായി കാണപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇതുമൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പരിശോധി ച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | ബി) മേൽ പറഞ്ഞ തോതിൽ റെസിഡ്യൂൽ ക്ളോറിന്റെ അളവ് കാണപ്പെട്ടതുകൊണ്ട് ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടില്ല . |
| സി) ഇത്തരം പ്രവണതകൾ അവസാനി പ്പിക്കുന്നതിന് കാര്യക്ഷമമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ . | സി) കേരള വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന ജലത്തിന്റെ ഗുണനിലവാരം കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിഭാഗവും റെഗുലർ വിഭാഗവും നിരന്തരമായി നിരീക്ഷിക്കുകയും വേണ്ട തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, മാനദണ്ഡങ്ങൾക്ക് അനുസൃതമായ തോതിൽ റെസിഡ്യൂൽ ക്ളോറിന്റെ അളവ് ഉറപ്പ് വരുത്താനാവശ്യമായ ക്ളോറിൻ ബൂസ്റ്റർ സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കാനും, പുതിയ പദ്ധതികളിൽ ഉൾപ്പെടുത്താനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ